## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3020** **19.06.2018 ൽ മറുപടിയ്ക്ക്**

# കർഷക പെൻഷൻ, കാരാപ്പുഴ ഇറിഗേഷൻ പദ്ധതി, കാർഷിക മേഖലയിൽ വന്യമൃഗ ശല്യം

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) 2017 ജൂലായ് 16ന് ശേഷം രജിസ്റ്റർ ചെയ്ത കർഷകരുടെ പെൻഷൻ എന്ന് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | എ) 2017 ജൂലായ് 16ന് ശേഷം രജിസ്റ്റർ ചെയ്ത കർഷകർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ വെള്ളം സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ കർഷകരുടെ കൃഷിയിടത്തിന് അനുയോജ്യമായ രീതിയിൽ എത്തിക്കാൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; | ബി) കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ വെള്ളം സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ കർഷകരുടെ കൃഷിയിടങ്ങളിൽ നിലവിൽ എത്തിക്കുന്നില്ല. വിശദമായ പഠനങ്ങൾ നടത്തിയതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |
| സി) കാർഷിക മേഖലയിൽ വന്യമൃഗ ശല്യം മൂലമുണ്ടാകുന്ന കാർഷിക വിളകളുടെ നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്? | സി) കാർഷിക മേഖലയിൽ വന്യമൃഗ ശല്യം മൂലമുണ്ടാകുന്ന കാർഷിക വിളകളുടെ നഷ്ടം സംഭവിച്ചവർക്ക് വിളനാശം തിട്ടപ്പെടുത്തി ധനസഹായം നൽകുന്നത് വനം വന്യജീവി വകുപ്പാണ്. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾ വന്യമൃഗങ്ങളുടെ ആക്രമണം മൂലം നശിച്ചാൽ കൃഷി വകുപ്പ് മുഖേന ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ 27 കാർഷിക വിളകൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

Mayuf

**സെക്ഷൻ ഓഫീസർ**